## 522

1 യേശുവിൻ പിമ്പേ പോകും ഞങ്ങൾ ജയത്തിൻ ഗീതം പാടി മുദാ
മൃത്യുവെ വെന്ന കർത്തൻ നമ്മെ നിത്യതയെത്തുവോളം നടത്തിടും

പാടിടാം ജയ് ജയ് പാടിടാം ജയ് ജയ്
നമ്മുടെ നാഥൻ ജീവിക്കുന്നു

2 സത്യവും ജീവമാർഗ്ഗവുമാം ക്രിസ്തുവിൽ നമ്മൾ ധന്യരല്ലോ
നിത്യസന്തോഷമത്യധികം മർത്യരിൽ നമ്മൾക്കല്ലാതാർക്കുമില്ല-

3 നിസ്തുലസ്നേഹ നിത്യബന്ധം ക്രിസ്തുവിലുു വാസ്തവമായ്
ആപത്തോ വാളോ മൃത്യുവിന്നോ ഈ ബന്ധം നീക്കിടുവാൻ സാദ്ധ്യമല്ല

4 മഹത്ത്വരാജൻ യേശുനാഥൻ മന്നിൽ വന്നിടും നാളടുത്തു
ഉണരാം നാം ബലം ധരിച്ചിടാം അവന്റെ വേല മന്നിൽ തികച്ചിടാം- **C.J.**